## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 22, ബുധന്‍

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

മുഖ്യമന്ത്രി
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി

കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടര്‍ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി

*451. ശ്രീ.എം.എ.ബേബി
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.എ. പ്രദീപ്കുമാര്‍
,, ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കുറ്റകൃത്യങ്ങളേയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടര്‍ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന കേന്ദ്ര സഹായ പദ്ധതിയുടെ നടത്തിപ്പിനായി ടെക്നോപാര്‍ക്കില്‍ സ്ഥാപിക്കപ്പെട്ട ഡാറ്റാബേസിന്റെ ചുമതല ഏത് സ്ഥാപനത്തിനാണ് ; വിശദമാക്കാമോ ; പോലീസ് സ്റ്റേഷനുകളില്‍ നിന്നും കോര്‍ ആപ്ലിക്കേഷന്‍ സോഫ്റ്റ്‌വെയറുകളിലേക്ക് എത്തുന്ന വിവരങ്ങള്‍ ഡാറ്റാബേസുകളില്‍ സുരക്ഷിതമാണോ ;

(ബി) ഏതെല്ലാം നെറ്റ് വര്‍ക്കുകള്‍ വഴിയാണ് ഡാറ്റാബേസില്‍ വിവരങ്ങള്‍ ശേഖരിക്കപ്പെടുന്നതെന്ന് വിശദമാക്കാമോ ;

(സി) ഡാറ്റാസെന്ററിന്റെ ചുമതലയും നെറ്റ് വര്‍ക്കിന്റെ ചുമതലയും ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെ എല്‍പ്പിച്ചിട്ടുണ്ടോ ; പ്രസ്തുത സ്ഥാപനങ്ങളെ കണ്ടെത്തിയത് ഏത് നിലയിലാണ് ?

കെ.എസ്.ആര്‍.ടി.സി ബസ്സുകളിലെ യാത്രാസൗജന്യം

*452. ശ്രീ.റ്റി.വി.രാജേഷ്
,, ആര്‍. രാജേഷ്
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.ബി.സത്യന്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി ബസ്സുകളിലെ യാത്രാസൗജന്യം സംബന്ധിച്ച സര്‍ക്കാര്‍ നിലപാട് വിശദമാക്കാമോ ; ഏതെല്ലാം വിഭാഗങ്ങള്‍ക്ക് എന്തെല്ലാം സൗജന്യങ്ങളാണിപ്പോള്‍ നല്‍കിവരുന്നത് ; ഇതില്‍ എന്തെങ്കിലും മാറ്റം വരുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഏതെങ്കിലും വിഭാഗം വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കിയ സൗജന്യം പിന്‍വലിച്ചുകൊണ്ട് കെ.എസ്.ആര്‍.ടി.സി

.ഉത്തരവിറക്കിയിട്ടുണ്ടോ ; ഇതിനായി കെ.എസ്.ആർ.ടി.സി ക്ക് നിർദ്ദേശം ലഭിച്ചതെവിടെ നിന്നാണ് ; പിന്നീട് അതിൽ മാറ്റം വരുത്തുകയുണ്ടായോ ;

(സി) കെ.എസ്.ആർ.ടി.സി.ക്ക് സർക്കാർ നൽകിയിരുന്ന ഉറപ്പുകൾ അനുസരിച്ചുള്ള എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടില്ലാത്തതെന്ന് വെളിപ്പെടുത്താമോ ?

ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായം

*453. ശ്രീ.ലൂഡി ലൂയിസ്

,, ടി.എൻ. പ്രതാപൻ

,, ഷാഫി പറമ്പിൽ

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിവിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്കുള്ള ധനസഹായ വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ധനസഹായം നൽകുവാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

കസ്തൂരി രംഗൻ റിപ്പോർട്ട്

*454. ശ്രീ.രാജു എബ്രഹാം

,, ഇ.പി.ജയരാജൻ

,, എസ്.രാജേന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ കേന്ദ്രസർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യു.പി.എ സർക്കാരിന്റെ കാലത്ത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതി ലോല പ്രദേശങ്ങളായി കണക്കാക്കപ്പെട്ട പ്രദേശങ്ങളിലെ ആശങ്കകൾ ഇപ്പോഴും നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്തിമ വിജ്ഞാപനത്തിൽ, എന്തെല്ലാം ഘടകങ്ങൾ ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാർആവശ്യപ്പെട്ടിരിക്കുന്നത്; ഇതിന്മേൽ തുടർ ചർച്ചകൾ ഉണ്ടായിട്ടുണ്ടോ; അന്തിമ വിജ്ഞാപനം എന്നത്തേയ്ക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു;

(ഡി) ഇക്കാര്യത്തിൽ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും പുതിയ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കുറ്റകൃത്യങ്ങൾ തടയാൻ നടപടി

*455. പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് ദേശീയ ശരാശരിയെക്കാളും കൂടുതലാണെന്ന ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആത്മഹത്യ, വിവാഹമോചനം, ഒളിച്ചോട്ടം, അശ്ലീല ദൃശ്യങ്ങളുടെ വ്യാപനം , സൈബർ നിയമലംഘനങ്ങൾ തുടങ്ങിയവയുടെ സംസ്ഥാനത്തെ നിരക്ക് ദേശീയ ശരാശരിയെക്കാളും വർദ്ധിച്ചിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമൂഹം അരാജകത്വത്തിലേക്ക് വഴുതി വീഴുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അനധികൃതമായി കൈവശം വെച്ചുവരുന്ന നിക്ഷിപ്ത വനഭൂമി

*456. ശ്രീ.ബി.ഡി. ദേവസ്സി

,, എ.കെ.ബാലൻ

,, വി.ചെന്താമരാക്ഷൻ

,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷിപ്ത വനഭൂമി സ്വകാര്യ വ്യക്തികൾ നിയമവിരുദ്ധമായി കൈവശംവെച്ച് പോരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കേസുകളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായുള്ള കമ്മിറ്റിയുടെ കണ്ടെത്തലുകൾ വിശദമാക്കാമോ ; ഏതെല്ലാം വനഭൂമി കയ്യേറ്റങ്ങൾ ഈ കമ്മിറ്റിയുടെ കണ്ടെത്തലുകളെ തുടർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട് ; ഈ കമ്മിറ്റി എത്ര തവണ യോഗം ചേർന്നിട്ടുണ്ട് ;

(സി) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന നെല്ലിയാമ്പതിയിലെ 786 ഏക്കർ ഭൂമി കരുണാ എസ്റ്റേറ്റ് / പോബ്സ് എസ്റ്റേറ്റ് അനധികൃതമായി കൈവശം വച്ചുവരുന്നത് സംബന്ധിച്ച ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് വനം വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ;

(ഡി) നെന്മാറ ഡി.എഫ്.ഒ. നിയമവിരുദ്ധമായി നൽകിയ എൻ.ഒ.സി. ആക്ഷേപങ്ങളെ തുടർന്ന് റദ്ദ് ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ അതേ തുടർന്നുള്ള അന്വേഷണ റിപ്പോർട്ട് പരിശോധിക്കാനും തുടർ നടപടികൾ സ്വീകരിക്കാനും വനം വകുപ്പിൽ നടപടികൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

## മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക്ക് കാർഡുകൾ നല്കാൻ നടപടി

*457. ശ്രീ.സി.പി.മുഹമ്മദ്

,, ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക്ക് കാർഡുകൾ നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദീകരിക്കുമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദാംശം വ്യക്തമാക്കുമോ?

## ആധുനിക ശുചിത്വ മൽസ്യമാർക്കറ്റുകൾ

*458. ശ്രീ.ബെന്നി ബെഹനാൻ

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക ശുചിത്വ മൽസ്യമാർക്കറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## പ്രധാന ബസ്സ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയ പദ്ധതി

*459. ശ്രീ.സണ്ണി ജോസഫ്

,, പി.എ.മാധവൻ

,, ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന ബസ്സ് സ്റ്റേഷനുകളോടനുബന്ധിച്ച് വ്യാപാര സമുച്ചയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## എയർ കേരള വിമാന പദ്ധതി

*460. ശ്രീ.ഇ.കെ.വിജയൻ

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെയും സിയാൽ കമ്പനിയുടെയും ഉടമസ്ഥതയിലുള്ള എയർ കേരള വിമാന പദ്ധതി പ്രകാരം വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നിബന്ധനകളെല്ലാം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലങ്കിൽ അനുമതി നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

## കൊഞ്ചുവളർത്തൽ പദ്ധതി

*461. ശ്രീ.പി.ബി. അബ്ദുൾ റസാക്

,, എൻ .എ.നെല്ലിക്കുന്ന്

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻ കയറ്റുമതിയിൽ, പ്രധാനമായും വളർത്തുകൊഞ്ചിൽ നിന്നാണ് കൂടുതൽ വരുമാനം ലഭിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സംസ്ഥാനത്തിൻെറ സംഭാവന എത്രത്തോളമാണെന്ന് വിശദമാക്കുമോ ;

(സി) കയറ്റുമതിപ്രാധാന്യമുള്ള കൊഞ്ചിനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

<u>കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങൾ</u>

*462. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങളെത്തുടർന്ന്, സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തൊക്കെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സംഭവത്തിനു കാരണമായ യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇതിനെത്തുടർന്ന് സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ, ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാനും, വിമാനത്താവളങ്ങളുടെ പ്രവർത്തനവും വികസനവും മുരടിപ്പിക്കാൻ നടക്കുന്ന സംഘടിതശ്രമങ്ങളെ ചെറുത്തുതോല്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

<u>ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങൾ</u>

*463. ശ്രീമതി.ഗീതാ ഗോപി

ശ്രീ.വി.എസ്.സുനിൽ കുമാർ

,, മുല്ലക്കര രത്നാകരൻ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം രീതിയിലുള്ള ആധുനിക കടൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യബന്ധന ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ വിശദമാക്കുമോ ;

(സി) വെസ്സൽ ട്രാക്കിംഗ് സംവിധാനത്തിന്റെ പ്രത്യേകതകൾ വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് രജിസ്ട്രേഷനുള്ള മത്സ്യ ബന്ധന ബോട്ടുകളിലെല്ലാം വെസ്സൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് എത്ര സമയം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

<u>ക്രമസമാധാന പരിപാലന പ്രശ്നങ്ങൾ</u>

*464. ഡോ.കെ.ടി.ജലീൽ

ശ്രീ.എ. പ്രദീപ്കുമാർ

,, കെ.വി.അബ്ദുൾ ഖാദർ

,, വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലനം തകരാറിലായിരിക്കുന്നു എന്നആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സാമൂഹ്യജീവിതത്തിൽ വിവിധ തരത്തിലുള്ള മാഫിയകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മോഷണം, പിടിച്ചുപറി, കവർച്ച, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തുടങ്ങിയവയെല്ലാം വർദ്ധിച്ചുവരുന്നതായി അറിയാമോ ; ബ്ലേഡ് ബാങ്ക് തട്ടിപ്പ്, നിക്ഷേപ തട്ടിപ്പ്, വിസ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പ്, വിദ്യാർത്ഥിപ്രവേശന തട്ടിപ്പ്, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവ വ്യാപകമായിരിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കേണ്ട പോലീസ് സേനയിൽ ക്രിമിനലുകൾ വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പോലീസ് സേനയിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും മാറ്റി നിർത്താമോ ;

(ഡി) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കാനും മാഫിയകളെ നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കാമോ?

<u>മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണവും മത്സ്യ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനവും</u>

*465. ശ്രീ.കെ.അജിത്

,, പി.തിലോത്തമൻ

,, ജി.എസ്.ജയലാൽ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണം ഉറപ്പാക്കാനും മത്സ്യ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിട്യൂട്ട് തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) വൻകിട ഫിഷ് പ്ലാന്റുകളിലേക്കും വളം ഫാക്ടറികളിലേക്കും മത്സ്യക്കുഞ്ഞുങ്ങളെ കടത്തിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>സേവനാവകാശം ഭരണമികവിലൂടെ</u>

*466. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സർക്കാർ സേവനം അടിയന്തരമായി ലഭ്യമാക്കുന്നതിന് ഭരണരംഗത്ത് മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സേവനാവകാശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) മന്ത്രിമാരുടെയും വകുപ്പ് അദ്ധ്യക്ഷൻമാരുടെയും നേതൃത്വത്തിൽ പരാതികൾ ലഭിക്കുന്ന ഓഫീസുകളുൾപ്പെടെ സന്ദർശിച്ച് പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കപ്പൽ നിർമ്മാണ ശാല

*467. ശ്രീ.സി.ദിവാകരൻ

,, പി.തിലോത്തമൻ

,, ജി.എസ്.ജയലാൽ

,, ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ ഡയറക്ടറുടെ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കപ്പൽ നിർമ്മാണ ശാല എവിടെ പ്രവർത്തിക്കണമെന്നാണ് പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ കപ്പൽ നിർമ്മാണ ശാലയ്ക്കുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്;

(ഡി) കപ്പൽ നിർമ്മാണ ശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## സ്വകാര്യഭൂമിയിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം

*468. ശ്രീ.ഷാഫി പറമ്പിൽ

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേസന്വേഷണങ്ങൾ

*469. ശ്രീ.എസ്.ശർമ്മ

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.വി.വിജയദാസ്

,, കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തെളിയിക്കുന്നതിലും പോലീസിന് വീഴ്ച സംഭവിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(ബി) ക്രൈംബ്രാഞ്ച് ഇൻവെസ്റ്റിഗേഷൻ വകുപ്പിനെ പുന:സംഘടിപ്പിക്കുന്നതിന് പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രമാദമായ കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിന് കൂടുതൽ ചുമതല നൽകിയിട്ടുണ്ടോ ;

(ഡി) ലോക്കൽ പോലീസിന്റെ അന്വേഷണങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ;

(ഇ) പരാതികൾ ഉയർന്നു വന്നതിന്റെ പേരിൽ അത്തരം കേസുകൾ ഡിസ്ട്രിക്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കേണ്ടി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>തീരദേശസുരക്ഷാ മുൻകരുതൽ നടപടികൾ</u>

*470. ശ്രീ.പി.കെ.ബഷീർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, എൻ. ഷംസുദ്ദീൻ

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംശയാസ്പദ സാഹചര്യങ്ങളിൽ വിദേശ യാനങ്ങൾ സംസ്ഥാന സമുദ്രാതിർത്തിയിൽ പ്രത്യക്ഷപ്പെടുകയും ഒരെണ്ണത്തെ പിടിച്ചെടുക്കുകയും ചെയ്ത സാഹചര്യത്തിൽ തീരദേശ സുരക്ഷാ കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി തീരദേശവാസികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അവരുടെ സുരക്ഷയ്ക്കായി, വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട അധികൃതർക്ക് കൈമാറുന്നതിനുള്ള ബോധവൽകരണവും ഉപകരണങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ ?

<u>ആധുനിക തിയേറ്റർ സമുച്ചയങ്ങൾ</u>

*471. ശ്രീ.ആർ . സെൽവരാജ്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>സുരക്ഷിത സ്ത്രീയാത്രാ പദ്ധതി</u>

*472. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീയാത്രാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

സ്ത്രീസുരക്ഷാ പദ്ധതി

*473. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷാ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് വനിതകൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ നല്കാമോ:

(ബി) ഇതിലേയ്ക്കായി പ്രത്യേക പോലീസ് സെൽ രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സെൽ രൂപീകരിച്ച് ഈ പദ്ധതി മികച്ച രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ?

അന്ധവിശ്വാസങ്ങൾ മൂലമുള്ള ചൂഷണം തടയാൻ നിയമനിർമ്മാണം

*474. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.പുരുഷൻ കടലുണ്ടി

,, സാജു പോൾ

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളെ മുതലെടുക്കുന്നതു മൂലമുണ്ടാകുന്ന ചൂഷണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) നിയമനിർമ്മാണത്തിനായുള്ള കരട് ബില്ല് പരിഗണനയിലുണ്ടോ ; അടിയന്തിരമായി നിയമനിർമ്മാണം നടത്താനും ചൂഷണം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

വ്യാജമദ്യ -സ്പിരിറ്റ് കടത്ത്

*475. ശ്രീമതി.കെ.കെ.ലതിക

ശ്രീ.പി.കെ.ഗുരുദാസൻ

,, വി.ചെന്താമരാക്ഷൻ

,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കടത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജമദ്യത്തിന്റെ ആവശ്യക്കാർ സംസ്ഥാനത്ത് വർദ്ധിച്ചതിന് കാരണമെന്തെന്നറിയാമോ;

(സി)

(ഡി)

(ഇ)

## അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ

*476. ശ്രീ.എസ്.രാജേന്ദ്രൻ

,, എം. ഹംസ

,, രാജു എബ്രഹാം

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന ബസുകൾ ഉൾപ്പെടെ പതിവായി അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടങ്ങളുടെ മുഖ്യ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പുതിയ ബസുകൾ ഉൾപ്പെടെ അപകടത്തിൽപ്പെടുന്നതു മൂലമുണ്ടാകുന്ന ബാധ്യത വർദ്ധിച്ചു വരുന്നുണ്ടോ;

(ഡി) അന്തർ സംസ്ഥാന ദീർഘദൂര ബസുകൾ ഓടിക്കുന്നതിന് രണ്ടുവീതം ഡ്രൈവർമാരെ നിയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ?

## ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ദ്ധ സംഘം

*477. ശ്രീ.സി.മോയിൻ കുട്ടി

,, കെ.എൻ.എ.ഖാദർ

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തില മുങ്ങൽ വിദഗ്ദ്ധ സംഘത്തിന് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തിന്റ വിവിധഭാഗങ്ങളിൽ എളുപ്പത്തിൽ സേവനം ലഭ്യമാക്കാവുന്ന വിധത്തിലാണോ സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ദരുടെ സംഘത്തെ വിന്യസിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ:

(സി) പ്രസ്തുത വിഭാഗത്തിന് പ്രത്യേക ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ

(ഡി) പ്രസ്തുത വിഭാഗത്തിന് നേവിയുടെ മുങ്ങൽ വിദഗ്ദ്ധർക്ക് നൽകുന്ന വിധത്തിലുള്ള ട്രെയിനിംഗും സൗകര്യങ്ങളും ലഭ്യമാക്കുമോ?

## പോലീസ് സർവ്വകലാശാല

*478. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭയുടെ പരിഗണനയ്ക്കു വന്ന പോലീസ് സർവ്വകലാശാലാ നിയമം ധനവകുപ്പിന്റെ എതിർപ്പിനെത്തുടർന്ന് അംഗീകരിക്കാതെ മാറ്റിവയ്ക്കുകയുണ്ടായോ;

(ബി) പോലീസ് സർവ്വകലാശാലയിൽ പഠിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ട വിഷയങ്ങൾ ഏതൊക്കെയാണ് ; നിലവിലുള്ള സർവ്വകലാശാലകളിൽ പഠിപ്പിക്കുന്നതോ പഠിപ്പിക്കാവുന്നതോ ആയ വിഷയങ്ങളാണോ അവയെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സർവ്വകലാശാലാ നിയമത്തിന്റെ കരട് തയ്യാറാക്കിയതാരാണെന്ന് അറിയിക്കാമോ ;

(ഡി) സർവ്വകലാശാലയ്ക്ക് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത് ; പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ് ;

വ്യക്തമാക്കാമോ ;

(ഇ) ഏതെല്ലാം കോഴ്സുകൾ നടത്താനാണ് പദ്ധതി ;

(എഫ്) രാജ്യത്ത് നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ പോലീസ് സർവ്വകലാശാലയുണ്ട്?

## പോലീസ് സേനയിലെ അനധികൃത ഇടപെടലുകൾ

*479. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, എ.കെ.ബാലൻ

,, ജെയിംസ് മാത്യു

,, പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ ബാഹ്യവും ഉന്നതങ്ങളിൽ നിന്നുമുളള അനധികൃത ഇടപെടലുകൾ മൂലം നീതിനിർവ്വഹണം ഉറപ്പാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതേക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉന്നതങ്ങളിൽ നിന്നുമുണ്ടാകുന്ന നിയമവിരുദ്ധ നിർദ്ദേശങ്ങളും സമ്മർദ്ദങ്ങളും പോലീസ് സേനയുടെ മനോവീര്യം തകർക്കുന്നതായി അറിയാമോ ;

(സി) ഇതു മൂലം പോലീസ് ഉദ്യോഗസ്ഥർ ലീവ് എടുത്ത് പോയിട്ടുള്ളതും ജോലിയിൽ തുടരാൻ പ്രയാസപ്പെടുന്നതുമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ?

## വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്

*480. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് കുറ്റമറ്റതും ശാസ്ത്രീയവുമായ രീതി അവലംബിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, | സെക്രട്ടറി.
13-07-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].